2025-26

# Academic Master Plan

**PHSS Pandallur**

# ആമുഖം

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ ഉൾപ്പെടുന്ന ആനക്കയം പഞ്ചായത്തിലാണ് പന്തല്ലൂർ ഹയർസെക്കൻഡറി സ്കൂൾ. പാഠ്യപാഠ്യേതര രംഗത്ത് സംസ്ഥാനതലത്തിലും ദേശീയതലത്തിലും മികച്ച നേട്ടങ്ങൾ കൈവരിച്ച സ്കൂൾ ആണിത്. SSLC, ഹയർസെക്കൻഡറി പരീക്ഷകളോടൊപ്പം തന്നെ വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിലും വിദഗ്ധ പരിശീലനത്തിലൂടെ ഉന്നത വിജയം കൈവരിക്കാൻ സ്കൂളിന് സാധിക്കുന്നുണ്ട് എന്നത് എടുത്തു പറയേണ്ട ഒരു കാര്യം തന്നെ.

അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് പുലർത്തുന്നതോടൊപ്പം കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിൽ സ്കൂൾ എന്നും  അതീവ ശ്രദ്ധ പുലർത്തിയിരുന്നു. കുട്ടികളുടെ ശാരീരികവും മാനസികവുമായ പോഷണത്തിനായി  SPC, JRC, തൈക്വണ്ടോ, ജൂഡോ, സൈക്കിൾ പോളോ എന്നിവ നന്നായി നടത്തി വരുന്നു.  കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ കൗൺസിലിംഗ് നൽകിവരുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ  ഭാഗമായി അക്കാദമിക രംഗത്തെ മികവിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ പിടിഎ,പൂർവവിദ്യാർത്ഥികൾ, നാട്ടുകാർ,ജനപ്രതിനിധികൾ   ജില്ലാ പഞ്ചായത്ത് തുടങ്ങിയവരുടെ നിസ്വാർത്ഥ സഹകരണം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിച്ചു.

ചിട്ടയായ മുന്നൊരുക്കവും അതിനനുസരിച്ച് പ്രവർത്തനങ്ങളുമാണ് അക്കാദമി രംഗത്തെ മികവിന് കാരണം. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് നിലനിർത്തി,കൂടുതൽ ഗുണപരമായ പ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക  മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ പ്രവർത്തനങ്ങൾ ഓരോന്നും നടപ്പിലാക്കാനും നന്മയുടെ വഴിയിലേക്ക് കുട്ടികളെ നയിക്കാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

`` ഒരു വിദ്യാലയം തുറക്കപ്പെടുമ്പോൾ അനേകം തടവറകൾ അടയ്ക്കപ്പെടും"

പന്തല്ലൂർ ഹയർസെക്കൻഡറി സ്കൂൾ ചരിത്രം

പന്തല്ലൂർ എന്ന സ്ഥലനാമത്തെ സംബന്ധിക്കുന്ന ഐതിഹ്യങ്ങൾ പലതുമുണ്ട്. പന്തല്ലൂർ ഭഗവതി ക്ഷേത്രത്തിൽ പ്രതിഷ്ഠയുടെ ഭാഗമായി ഉറപ്പിക്കാൻ കഴിയാത്ത ഭഗവതിയുടെ വിഗ്രഹം നാറാണത്തു ഭ്രാന്തൻ താമ്പൂല നീരിൽ ഉറപ്പിച്ചു നിർത്തി എന്നും പിന്നീട് ഈ നാട് ഭഗവതിയുടെ ഊര് എന്ന നിലയിൽ താമ്പല്ലൂർ എന്നും,രൂപമാറ്റം വന്ന് പന്തല്ലൂർ എന്നും അറിയപ്പെട്ടു. ടിപ്പുസുൽത്താന്റെ പടയോട്ടത്തിന് മുന്നോടിയായി നടത്തിയ പാത നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന പട്ടാളക്കാർക്ക് ഗ്രാമവാസികൾ ആതിഥ്യത്തിന്റെ ഭാഗമായി വെറ്റിലയും അടക്കയും സമ്മാനിച്ചു. മുറുക്കാൻ താംബൂലം

കിട്ടിയ നാടിനെ അവർ താമ്പല്ലൂർ എന്ന് വിളിച്ചു. 1979 ൽ മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ ആനക്കയം പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിന്നിരുന്ന പന്തല്ലൂർ വില്ലേജിൽ ഒരു ഗ്രാമത്തിന്റെ സ്വപ്നമായി പന്തല്ലൂർ ഹൈസ്കൂൾ സ്ഥാപിതമായി. അന്തരിച്ച കുഞ്ഞാൻ ഹാജി സംപൂജ്യനായ അന്നത്തെ വിദ്യാഭ്യാസ മന്ത്രി യശ ശരീരനായ ജനാബ് സി എച്ച് മുഹമ്മദ് കോയ സാഹിബിന്റെ സഹായത്തോടു കൂടി സ്ഥാപിച്ചതാണ് ഈ വിദ്യാലയം. തെക്കുമ്പാട് മദ്രസയിൽ 98 കുട്ടികളുമായി മൂന്ന് ഡിവിഷനുകളോട് കൂടി എട്ടാം ക്ലാസിൽ തുടങ്ങിയ ഈ വിദ്യാലയത്തിൽ ഇന്ന് രണ്ടായിരത്തിലധികം കുട്ടികൾ വിദ്യ അഭ്യസിച്ചു വരുന്നു. 2000 ൽ എംപി ഹസ്സൻ ഹാജിയുടെ മേൽനോട്ടത്തിൽ ഹയർ സെക്കൻഡറി ആയി വളർച്ചയുടെ ഓരോ ചുവടും ചവിട്ടി കയറി നാലു പതിറ്റാണ്ട്

പിന്നിടുമ്പോൾ അത്യുജ്ജ്വല  നേട്ടങ്ങളോടെ പന്തലൂർ ഹയർസെക്കൻഡറി സ്കൂൾ അതിന്റെ പരിപൂർണ്ണതയിൽ എത്തി നിൽക്കുന്നു.

1979 ൽ തുടങ്ങിയ പ്രയാണം 2025 ൽ എത്തി നിൽക്കുമ്പോൾ പഠന പാഠ്യേതര രംഗത്തും കലാകായിക  രംഗത്തും മികവ് പുലർത്തി മുന്നേറിക്കൊണ്ടിരിക്കുകയാണ്.

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | മലപ്പുറം |
| സ്കൂൾ കോഡ് | 18093 |
| സ്കൂളിന്റെ പേര് | PHSS Pandallur |
| മേൽവിലാസം | കടമ്പോട് (PO), പന്തല്ലൂർ |
| പിൻകോഡ് | 676521 |
| ഫോൺ നമ്പർ | 04832782321 |
| ഇ -മെയിൽ അഡ്രസ് | phss2782321@gmail.com |
| ഗ്രാമപഞ്ചായത്ത് | Anakkayam |
| വിദ്യാഭ്യാസ ജില്ല | മലപ്പുറം |
| സബ്ജില്ല | മഞ്ചേരി |
| ക്ലാസുകൾ | 8 മുതൽ 10 വരെ |
| മാനേജ്മെന്റ്: | Aided |
| പഠന മാധ്യമം | മലയാളം |

## അക്കാദമിക് മാസ്റ്റർ പ്ലാൻ -മലയാളം

| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| --- | --- | --- | --- | --- | --- |
| 🌼 അക്ഷര വെളിച്ചം | ◆ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ◆ എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം<br>◆ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്<br>◆ കോപ്പി എഴുതാനുള്ള പരിശീലനം | ◆ ഒരു വർഷം | ◆ പുസ്തകങ്ങൾ | മലയാളം ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| സർഗ്ഗ വസന്തം | ◆ സർഗ്ഗശേഷി വളർത്തുക<br>◆ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | ◆ നാടക കളരി<br>◆ ഫിലിം ക്ലബ്<br>◆ സാഹിത്യസമാജം<br>◆ വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>◆ കയ്യെഴുത്ത് മാഗസിൻ<br>◆ ഡിജിറ്റൽ മാഗസിൻ | ◆ മാസത്തിൽ | ◆ ഓഡിയോ<br>◆ വീഡിയോ | മലയാളം ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 🌼 വായന വസന്തം | ◆ കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | ◆ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>◆ പത്രവായന<br>◆ പുസ്തക ചർച്ച<br>◆ വായനാനുഭവം<br>◆ ദിനാചരണം<br>◆ അമ്മ വായന<br>◆ എഴുത്തുകൂട്ടം<br>◆ സാഹിത്യ പ്രശ്നോത്തരി<br>◆ വിദ്യാരംഗം കലാസാഹിത്യവേദി<br>◆ കഥ പറയാം കഥ തുടരാം<br>◆ കാവ്യ വേള തുടരും | ◆ ഒരു വർഷം | ◆ പുസ്തകങ്ങൾ | ◆ മലയാളം ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| ദിനാചരണം | ◆ വിവിധ ശേഷികളുടെ വികസനം | ◆ ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ<br>◆ ബഷീർ റിൽസ് മത്സരം<br>◆ ബഷീർ ദിനവുമായി ബന്ധപ്പെട്ട സാഹിത്യ പ്രശ്നോത്തരി<br>◆ വീഡിയോ അനുസരിച്ച് ശബ്ദം നൽകൽ<br>◆ അധ്യാപക ദിനം കത്തെഴുതൽ മത്സരം<br>◆ കേരളപ്പിറവി നൃത്തശില്പം<br>◆ മാതൃഭാഷാദിനം<br>◆ പഠനയാത്ര<br>◆ ഒരു വർഷം | ◆ പുസ്തകങ്ങൾ | ◆ മലയാളം ടീച്ചർ | |
| വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം | ◆ വായനാശീലം വളർത്തുക സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികളിൽ താൽപ്പര്യം സൃഷ്ടിക്കുക | ◆ ഓരോ കുട്ടികളിലും വായിക്കുന്ന പുസ്തകങ്ങളുടെ വിവരങ്ങളും ആസ്വാദനക്കുറിപ്പുകളും എഴുതി സൂക്ഷിക്കാൻ വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം എന്ന പേരിൽ പ്രത്യേകം ബുക്ക് കുട്ടി തയ്യാറാക്കുന്നു. | ◆ ജൂൺ മാർച്ച് | ◆ പുസ്തകങ്ങൾ | ◆ മലയാളം ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| | | ബുക്ക് പരിശോധിച്ചു ഓരോ ക്ലാസിലും ഏറ്റവും അധികം പുസ്തകങ്ങൾ വായിക്കുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു. | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക് 2025-26

**(HS)**

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്ത് വായന<br>എന്നിവയിൽ<br>പിന്നോക്കക്കാരെ<br>കണ്ടെത്തുന്നു | ക്ലാസ് പ്രവർത്തനങ്ങൾ ക്ലാസ് ടെസ്റ്റുകൾ... | 1 മാസം ജൂൺ | അധ്യാപകർ | അധ്യാപകർ<br>PTA |
| ക്ലബ്ബ് രൂപീകരണം | അറബിക് ക്ലബ്ബിലേക്ക് അംഗങ്ങളെ<br>തിരഞ്ഞെടുക്കുക | ജൂൺ | അധ്യാപകർ | PTA<br>ക്ലബ്ബ് ഭാരവാഹികൾ |
| പഠന നിലവാരം മനസ്സിലാക്കൽ | യൂണിറ്റുകൾ കഴിഞ്ഞശേഷം ക്ലാസ് ടെസ്റ്റുകൾ നടത്തുന്നു | ജൂലൈ മുതൽ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക<br>വായനാശീലം വളർത്തുക | പാഠപുസ്തകങ്ങൾക്ക് പുറമേ മറ്റു<br>പുസ്തകങ്ങൾ<br>വായിക്കാൻ പ്രേരിപ്പിക്കുക | 6 മാസം<br>ജൂൺ-നവംബർ | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബിയിൽ അറിവ് നേടുക<br>പ്രശ്നോത്തരി | ക്ലാസ് തലത്തിൽ പാഠപുസ്തകത്തിൽ<br>നിന്നും മറ്റു പ്രധാനപ്പെട്ട<br>ദിനാചരണങ്ങളിൽ<br>പ്രശ്നോത്തരി മത്സരം നടത്തുന്നു | ജൂൺ മുതൽ<br>എല്ലാ മാസവും | അധ്യാപകർ | |
| അറബിയിൽ അറിവ് നേടുക<br>പദപരിചയം | പാഠപുസ്തകങ്ങളിലെ പുതിയ വാക്കുകൾ<br>പ്രത്യേകമായി പട്ടികപ്പെടുത്തുന്നു.<br>ക്ലാസിൽ കുട്ടികൾ അവതരിപ്പിക്കുന്നു | ജൂൺ മുതൽ<br>എല്ലാ മാസവും | അധ്യാപകർ<br>കുട്ടികൾ | |

| | | | | |
|---|---|---|---|---|
| പ്രതിഭകളെ കണ്ടെത്തി<br><br>പരിശീലനം നൽകൽ | കലാമേളകളിൽ പങ്കെടുക്കുന്നതിന്<br><br>ആവശ്യമായ<br><br>പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br><br>തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക്<br><br>അനുയോജ്യമായ പരിശീലനം നൽകുന്നു | ജൂലൈ-ഓഗസ്റ്റ് | അധ്യാപകർ<br><br>ക്ലബ് അംഗങ്ങൾ | അധ്യാപകർ<br><br>PTA |
| ദിനാചരണങ്ങൾ | പ്രധാനപ്പെട്ട ദിനാചരണങ്ങൾ<br><br>സംഘടിപ്പിക്കുന്നു<br><br>അതുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു,<br><br>മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ<br><br>എല്ലാ മാസവും | അധ്യാപകർ<br><br>ക്ലബ് അംഗങ്ങൾ | അധ്യാപകർ<br><br>PTA |
| എഴുത്ത് രചനപരമായിട്ടുള്ള<br><br>കഴിവുകൾ, സർഗ്ഗശേഷികൾ<br><br>എന്നിവ വികസിപ്പിക്കുക | കഥകൾ കവിതകൾ ലേഖനങ്ങൾ മറ്റു<br><br>വിഭവങ്ങൾ ഉൾക്കൊള്ളിച്ച്<br><br>അറബിയിൽ ക്ലാസ് കയ്യെഴുത്ത് മാഗസിൻ നിർമ്മിക്കുന്നു. | നവംബർ<br><br>-<br><br>ഡിസംബർ | അധ്യാപകർ<br><br>ക്ലബ് അംഗങ്ങൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| അറബിക് ഫെസ്റ്റ് | ലോക അറബി ഭാഷ ദിനവുമായി ബന്ധപ്പെട്ട്<br><br>അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു.<br><br>പോസ്റ്റർ രചന, പദപ്പയറ്റ്, പ്രശ്നോത്തരി, മറ്റു രചനകൾ<br><br>തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു | ഡിസംബർ | അധ്യാപകർ<br><br>ക്ലബ് അംഗങ്ങൾ | അധ്യാപകർ<br><br>PTA<br><br>ക്ലബ്ബ് ഭാരവാഹികൾ |

# Urudu

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ഉർദു പത്രങ്ങൾ, വായന കാർ ഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | മീഠീ ആവാസ് വായന | **വിവിധ ദിനാചരണങ്ങളിൽ** | സബ്ജക്ട് കൗൺസിൽ | 1000 |
| 2 | രചന ശേഷി വളർത്തൽ, ഉർ ദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത്, എന്നീ ലക്ഷ്യ പൂർ ത്തീകരണത്തിനും, കുട്ടികളുലെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി, | കൈയ്യെഴുത്ത് മാഗസിൻ | **ഒരു വർഷം** | **സബ്ജക്ട് കൗൺസിൽ** | 500 |
| 3 | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾ പ്പെടുത്തി പത്രം തയ്യാറാക്കൽ | ഉർദു പത്രം | **ഒരു വർഷം** | ഉർദു ക്ലബ്ബ് | 500 |

| | | | | | |
|---|---|---|---|---|---|
| 4 | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് | **ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ** | **എല്ലാ മാസവും** | ഉർദു ക്ലബ്ബ് | 500 |
| 5 | ഉർദു സഗീതത്തിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും | **ഗസൽ** | **അദ്ധ്യായന വർഷം** | **ഉർദു ക്ലബ്ബ്** | 1000 |
| 6 | ടാലെന്റ്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | ഹമാരി സബാൻ ഉർദു ദിനം | **നവംബർ 9** | ഉർദു സബ്ജക്ട് കൗൺസിൽ | 500 |
| 7 | **കുട്ടി വായന,ക്വിസ് മത്സരങ്ങൾ,പുസ്തക ചർച്ച** | വായനാ ശാക്തീകരണം | അധ്യയന വർഷം | പിടിഎ, വിദ്യാർത്ഥികൾ,ഉർദു ക്ലബ്ബ് | - |

| | | | | | |
|---|---|---|---|---|---|
| 8 | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭാഷാ ശേഷി വളർത്തുന്നതിനും , സർഗ്ഗാത്മകത വളർത്തുന്നതിനും | ദിനാചരണങ്ങൾ | അതാത് ദിനാചര ണങ്ങളിൽ | ഉർദു ക്ലബ്ബ് | 500 |

| അക്കാദമിക് മാസ്റ്റർ പ്ലാൻ - സംസ്കൃതം | | | | |
|---|---|---|---|---|
| ലക്ഷ്യം(Objective) | കാലയളവ്(Period) | പഠനോപകരണങ്ങൾ (Learning Materials) | സാമ്പത്തികം (Financial) | ക്ലാസിതര പ്രവർത്തനങ്ങൾ (Extracurricular Activities) |
| എല്ലാ കുട്ടികളെയും ഭാഷാ പഠന തൽപരരാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ | അധ്യാപിക | അനുരൂപീകരണ തലം |
| കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | | | | സഹപാഠികളുടെ പിന്തുണ പഠനപ്രവർത്തനങ്ങളിൽ സഹായിക്കൽ |
| അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | | | | ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ് തല പ്രവർത്തനം | | | | രചന ശില്പശാല |
| സാഹിത്യാഭിരുചി വളർത്താൻ ഉ പ്രവർത്തനങ്ങൾ | | അധ്യാപകൻ ഒരു പുസ്തകം | | കുട്ടികൾ പുസ്തകാവലോകനം |

| | | | | |
|---|---|---|---|---|
| | | പരിചയപ്പെടുത്തി അവലോകനം പറയുന്നു. | | തയ്യാറാക്കുന്നു |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ. | | പ്രശ്നോത്തരി, മാഗസിൻ, കഥ, കവിത, ഉപന്യാസം എന്നിവക്കുള്ള പരിശീലനം, സൃഷ്ടി. | | |
| സംസ്കൃത ദിനാചരണം<br>സ്കൂൾതല മത്സരങ്ങൾ നടത്തി സബ്ജില്ലാ ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ.<br>സ്വാതന്ത്ര്യദിനം | ഔപചാരിക ക്ലബ്ബ് രൂപീകരണം<br>സംസ്കൃത സന്ദേശം, ഒരു പ്രമുഖ വ്യക്തിയുടെ)<br>സംസ്കൃതം പ്രാർത്ഥന. വന്ദേമാതര ആലാപനം | | | |
| ഭാഷാപഠനം<br>കലാപരിചയം | കലോത്സവത്തിനായി അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു.<br>ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ, സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു. | | ചിത്രങ്ങൾ, വീഡിയോ | സബ്ജില്ലാ മത്സരാർത്ഥികൾക്ക് സംസ്കൃത അധ്യാപക സമ്മാനം നൽകുന്നു |

| | | | | |
|---|---|---|---|---|
| സംഭാഷണശിബിരം | പരീക്ഷാസംബന്ധമായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന്. എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക | | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥലസന്ദർശനം. | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം. | രാമായണ പ്രശ്നോത്തരി, സംസ്കൃ പ്രശ്നോത്തരി, യു.എസ്.എസ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 (ഇംഗ്ലീഷ്) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. ഇംഗ്ലീഷിൽആത്മ-വിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | 1. English Library നവീകരണം 2.English കാർട്ടൂൺ പ്രദർശനം 3.English Assembly 4.English Story Time | മാസത്തിലൊന്ന് | English Teacher | പൊതുഫണ്ട് |
| 2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | ഭാഷാപരമായ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക Class | ശനിയാഴ്ചകൾ | English Teacher | പൊതുഫണ്ട് |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | 1. Cinema and Documentary Profile 2. Script തയാറാക്കുന്നതിനായി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. 3. Role play, Seminar ചർച്ചകൾ | Class room പ്രവർത്ഥനങ്ങളോടൊപ്പം | English Teacher | പൊതുഫണ്ട് |

| | | | | |
|---|---|---|---|---|
| Language Empowering Group | 1.പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ 2.സമയബന്ധിത പ്രവർത്തനങ്ങൾ നൽകൽ 3.Grammar ന് പ്രാധാന്യം നൽകുന്ന Special Class | June - March | English Teacher | പൊതുഫണ്ട് |
| സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജരാക്കുക | 1. Public Speaking 2. English Newspaper വായന | വർഷത്തിൽ ഒന്ന് | English Teacher | പൊതുഫണ്ട് |
| | 3. Book Reviews 4. English കഥാകവിതാ രചന ക്യാമ്പ് 5. കവിതാലാപന മത്സരം | മാസത്തിലൊന്ന് | English Teacher | പൊതുഫണ്ട് |
| English Club പ്രവർത്തനങ്ങൾ | 1.പ്രശസ്തരായ കവികളുടെ കവിതകൾ തെരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കുക 2.രചനകളുടെ പ്രദർശനം 3.Film Fest 4.Field Trip | June - March | English Teacher | പൊതുഫണ്ട് |

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | • കുട്ടികളുടെ ഹിന്ദി എഴുത്ത് ശേഷി വികസനം.<br>• കുട്ടികളുടെ ഹിന്ദി വായനാ ശേഷി വികസനം. | • ഹിന്ദി അക്ഷരങ്ങളുടെ ശരിപ്പെടുത്തൽ<br>• ചിഹ്നം ശരിപ്പെടുത്തൽ<br>• പദ നിർമ്മിതി<br>• വാക്യ രചന<br>• കോപ്പി എഴുത്ത്<br>• ക്ലാസുകളിൽ വായനക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കൽ | ജൂൺ - സെപ്തമ്പർ | ഹിന്ദി അധ്യാപകർ | |
| 2 | • ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • ഹിന്ദിയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ<br>• സമയബന്ധിതമായ പ്രവർത്തനങ്ങൾ നല്കൽ<br>• വ്യാകരണ ക്ലാസുകൾ സംഘടിപ്പിക്കൽ | ജൂൺ - നവമ്പർ | ഹിന്ദി അധ്യാപകർ, വിജയ സ്പർഷം ടീം<br>ഹിന്ദി അധ്യാപകർ | |
| 3 | • ഹിന്ദി സാഹിത്യകാരൻമാരേയും | • ഹിന്ദി ബാല സാഹിത്യങ്ങൾ ലഭ്യമാക്കൽ | | | പൊതുഫണ്ട് |

| | | | | | |
|---|---|---|---|---|---|
| | അവരുടെ കൃതികളേയും പരിചയപ്പെടൽ.<br><br>• ആനുകാലിക ഹിന്ദി പ്രയോഗങ്ങൾ, ഹിന്ദി പത്ര ഭാഷ പരിചയപ്പെടൽ | • പാഠ രചയിതാക്കളുടെ ഇതര രചനകൾ പരിചയപ്പെടാൻ അവസരമൊരുക്കൽ<br>• സ്കൂൾ വായനാ മുറയിലൊരു 'ഹിന്ദി വാചൻ കോനാ' പദ്ധതി<br><br>• ഹിന്ദി ബാല മാസികകൾ ലഭ്യമാക്കൽ<br>• ഡിജിറ്റൽ ഹിന്ദി പത്രവായന | ജൂൺ - മാർച്ച്<br><br>രണ്ട് മാസത്തിലൊരിക്കലെങ്കിലുമെന്ന തോതിൽ | ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ | |
| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 4 | • ഹിന്ദി സാഹിത്യത്തിൽ അഭിരുചി സൃഷ്ടിക്കുക<br>• സർഗ്ഗശേഷി വളർത്തുക | • അനുവാദ് പ്രതിയോഗിതാ<br>• കവിതാലാപന മത്സരം<br>• പ്രസംഗ മത്സരം<br>• ഹിന്ദി കഥ, കവിത, നിബന്ധ് രചനാ മത്സരങ്ങൾ<br><br>• കഥാ പാഠങ്ങളിലെ ദൃശ്യാവിഷ്കാരം<br>• അവയ്ക്ക് തിരക്കഥ തയ്യാറാക്കൽ<br>• ഡയറി, കത്ത്, സംഭാഷണം തുടങ്ങി വിഭിന്ന സാഹിത്യ വിധകളുടെ രചന<br>• 'സുനഹ്റാ മൗകാ' പദ്ധതി | ജൂലായ് - ജനുവരി [ഒന്നോ അതിലതികമോ തവണ] | ക്ലബ് കൺവീനർ<br><br>ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | • ഹിന്ദിയിലെ സംശയങ്ങൾ നിർഭയം സംതൃപ്തമായി ദൂരീകരിക്കുക | • 'ഹിന്ദി ക്ലിനിക് ' ഒരുക്കുക. | ജൂൺ - മാർച്ച് | ഹിന്ദി കൺവീനർ | |
| 6 | • ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | • പ്രധാന ദിനാചരണങ്ങൾ ആകർഷണീയമായി സംഘടിപ്പിക്കുക.<br>• ഹിന്ദി ദിനത്തിൽ 'ഹിന്ദി പരിവാർ മിലൻ' സംഘടിപ്പിക്കുക.<br>• ഹിന്ദി കലാ സാഹിത്യ മത്സരങ്ങൾക്ക് മത്സരാർത്ഥികളെ സജ്ജമാക്കുക.<br>• 'ഹിന്ദി ബഡീ പത്രിക' പുറത്തിറക്കുക. | ജൂൺ – മാർച്ച്<br>ജൂൺ - ഒക്ടോബർ | ക്ലബ് കൺവീനർ<br>ക്ലബ് കൺവീനർ, അംഗങ്ങൾ | പൊതുഫണ്ട് |
| 7 | • പഠന നില മെച്ചപ്പെടുത്തുക. | • യൂണിറ്റ്/പാഠ മൂല്യാംഗൻ നടത്തി ആവശ്യമായ പഠന പിന്തുണ നൽകുക. | ജൂൺ – ഏപ്രിൽ | ഹിന്ദി അധ്യാപകർ | |

| SOCIAL SCIENCE YEAR PLAN 2025- 26, PHSS PANDALLUR | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | ജനാധിപത്യ മൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | • ക്ലാസ്തല-സ്കൂൾതല തെരെഞ്ഞെടുപ്പ്<br>• ഹിരോഷിമ ദിനം, സ്വാതന്ത്ര്യദിനം , ഗാന്ധി ജയന്തി , റിപ്പബ്ലിക്ദിനം തുടങ്ങിയ വിപുലമായ ദിനാചരണങ്ങൾ | June To September | SS Teachers, JRC SPC | SS Teachers PTA SS Club |
| 2 | പ്രാദേശികതലം മുതൽ ജനജീവിതത്തിന്റെ സമസ്ത മേഖലകളും വിശകലനം ചെയ്യുക | • പ്രാദേശിക ചരിത്ര രചന<br>• മാപ്പിംഗ്<br>• ചരിത്ര സംഭവങ്ങളുടെ ടൈംലൈൻ തയ്യാറാക്കൽ | Through-Out the year | SS Teachers | SS Teachers PTS SS Club |
| 3 | സാമൂഹ്യശാസ്ത്ര ഭൂമികയിലേക്ക് പ്രവേശിക്കാൻ കുട്ടികളിൽ താല്പര്യം വളർത്തുക | • ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ചു പ്രധാന വാർത്തകളുടെയും സംഭവങ്ങളുടെയും പ്രദർശനം | Through-Out the year | SS Teachers Club Members | SS Teachers Club Members |
| 4 | കുട്ടികളിൽ ചരിത്രാവബോധം ഉണ്ടാക്കുന്നതിനും ചരിത്രപഠനത്തിൽ താല്പര്യം സൃഷ്ടിക്കുന്നതിനും | • പുരാവസ്തു മ്യൂസിയം ഒരുക്കുക | Through-Out the year | SS Teachers Club Members | SS Teachers PTA SS Club |

| | | | | | |
|---|---|---|---|---|---|
| 5 | പ്രത്യക്ഷാനുഭവങ്ങൾ സാധ്യമാക്കുക | • ചരിത്ര-സാംസ്കാരിക പ്രധാന്യമുള്ള സ്ഥലങ്ങളിലേക്കുമുള്ള സന്ദർശനം<br>• പന്തല്ലൂരിലെ പുരാതന ജയിൽ അടക്കമുള്ള ശേഷിപ്പുകളിലൂടെയുള്ള സന്ദർശനം, മഞ്ചേരി കുടക്കല്ല്, നെല്ലിക്കുത്ത്,പാണ്ടിക്കാട് - തുവ്വൂർ തുടങ്ങിയ മലബാർ സമര കേന്ദ്രങ്ങളിലേക്കുള്ള സന്ദർശനം<br>• ചരിത്രം രേഖപ്പെടുത്തി റഫറൻസിനായി സൂക്ഷിക്കൽ | October November | SS Teachers Club Members | SS Teachers Club Members |
| 6 | പഠന -പാഠ്യേതര നേട്ടങ്ങൾ | • സാമൂഹ്യ ശാസ്ത്രമേളയുടെ വിവിധ മത്സരവിഭാഗങ്ങൾ കണ്ടെത്തി കുട്ടികളെ ഒരുക്കുക | Through-Out the year | SS Teachers | SS Teachers |
| 7 | പഠന പാഠ്യേതര പ്രവർത്തനങ്ങളുടെ ഏകോപനം | • സോഷ്യൽ സയൻസ് ക്ലബ്ബിന്റെ രൂപീകരണം<br>• സാധ്യമെങ്കിൽസാമൂഹ്യശാസ്ത്രത്തിനുള്ള വിവിധ പാദനോപാധികൾ പ്രദർശിപ്പിക്കുന്നതിനുള്ള ലാബ് | Through-Out the year | SS Teachers | SS Teachers |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വേ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **ശാസ്ത്രലാബ് നവീകരണം** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MP ഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

# Mathematics

| | ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത് സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ അധ്യാപകർ | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പിടിഎ | പിടിഎ |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ , അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ , ഗണിത ക്ലബ്ബ് | പിടിഎ |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 6 | അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ, കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |

| | | | | | |
|---|---|---|---|---|---|
| | | ചേർന്നുള്ള കൂട്ടായ്മ | | | |
| 8 | ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 9 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ . നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, ഹെഡ്മാസ്റ്റർ ,പിടിഎ പ്രസിഡണ്ട് | |

# Information Technology

| | ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർ ലാബ്.ക്ലാസ് റൂമുകൾ ഇവ ഐെടി ക്ലാസിനു വേണ്ടി സജ്ജീകരിക്കുക | കമ്പ്യൂട്ടറുകളുടെ പ്രവർത്തനം ശരിയാക്കുക പ്രൊജക്ടർ സെറ്റ് ചെയ്യുക | ജൂൺ ആദ്യവാരം | അധ്യാപകർ, ഐെടി ക്ലബ്ബിലെ അംഗങ്ങൾ | |
| 2 | മാറിയ പാഠപുസ്തകവുമായി ബന്ധപ്പെട്ട ഒരു വർക്ക് ഷോപ്പ് | മാറിയ പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളിലെ ഹാർഡ്സ്പോട്ടുകൾ ചർച്ചചെയ്യുന്നു ആവശ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു | **ജൂൺ മാസം** | **ഐെ ടി കോഡിനേറ്റർ** | |
| 3 | മേളകൾക്ക് കുട്ടികളെ തയ്യാറാക്കൽ | സ്കൂൾതല മത്സരം സംഘടിപ്പിക്കുന്നു | ജൂലൈ മാസം | അധ്യാപകർ, | |
| 4 | കുട്ടികൾ ഐെടി യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കൂടുതൽ ക്ലാസുകൾ നൽകുക | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ , ലിറ്റിൽ കൈറ്റ് അംഗങ്ങൾ | പിടിഎ |
| 5 | പത്താം ക്ലാസിലെ കുട്ടികൾക്കാവശ്യമായ വർക്ക് ഷീറ്റ് നിർമ്മാണം | മാറിയ പാഠപുസ്തകത്തെ അടിസ്ഥാനമാക്കി വർക്ക് ഷീറ്റ് നിർമ്മിക്കുന്നു | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 6 | ഐടി പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഐടി പരീക്ഷയ്ക്ക് തയ്യാറെടുപ്പ് ചർച്ചകൾ, | അക്കാദമിക വർഷം തുടർ പ്രവർത്തനം | SITC ജോയിൻറ് എസ് ഐ ടി സി ,അധ്യാപകർ | |
| 7 | കുട്ടികളുടെ മികച്ച സംഭാവനകൾ | മികച്ച പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ ചെയ്യുന്നു | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | അധ്യാപകർ | ഐടി ക്ലബ്ബ് |
| 8 | മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഐ ടി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 9 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ . നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, ഹെഡ്മാസ്റ്റർ ,പിടിഎ പ്രസിഡണ്ട് | |

# Art Education

| | ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും കല ആസ്വദിക്കുന്നതിനും പ്രയോഗിക്കുന്നതിനും ഉള്ള കഴിവ് വികസിപ്പിക്കുക | 1, ആർട്ട് ക്ലബ്ബുകൾ രൂപീകരിക്കുന്നു<br>2, ICT സാധ്യത ഉപയോഗപ്പെടുത്തി വിവിധ കലകളെ പരിചയപ്പെടുത്തുന്നു<br>3, കലാപ്രദർശനങ്ങൾ ഒരുക്കുന്നു ചിത്രം,സിനിമ etc..<br>4, ആർട്ട് ഗാലറി സന്ദർശിക്കുന്നു ( സമീപപ്രദേശത്തുള്ള )<br>5, ദിനാചരണങ്ങളുടെ ഭാഗമായുള്ള മത്സരങ്ങൾ നടത്തുന്നു.<br>( പോസ്റ്റർ,കൊളാഷ് ക്വിസ് etc..) | **ജൂൺ മുതൽ...** | കലാ വിദ്യാഭ്യാസം<br>Art ക്ലബ് | **കലാ വിദ്യാഭ്യാസം ഫലപ്രദമായി നടപ്പാക്കുന്നതിന് ചിത്ര ചുമരുകൾ,ഉദ്യാനം,പഠനസമാഗ്രികൾ..ആവശ്യമായ ഫണ്ട് ഓരോ വർഷവും വകയിരുത്തേണ്ടത് ഉണ്ട്** |
| 2 | എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗ | ഗ്രൂപ്പ് പ്രവർത്തനം | | | **ഹെഡ്മാസ്റ്റർ, മാനേജർ** |

| | | | | | |
|---|---|---|---|---|---|
| | സമത്വം തുല്യനീതി എന്നിവ ഉറപ്പുവരുത്തുന്നു. | 1, കലാപതിപ്പുകൾ,ചുമർപത്രങ്ങൾ എന്നിവ തയ്യാറാക്കുന്നു<br>2, കളിമൺ ശില്പശാല<br>3, സമൂഹത്തിന് മികച്ച സന്ദേശങ്ങൾ നൽകുന്ന ഗ്രൂപ്പ് പ്രദർശനങ്ങൾ ഒരുക്കുന്നു.<br>( ലഹരിക്കെതിരെ, ബാലവേല etc..)<br>4, സൃഷ്ടികൾ പ്രദർശിപ്പിക്കാനുള്ള space സ്കൂളിൽ നൽകുന്നു. | | | |
| 3 | കലാപ്രവർത്തനത്തിലൂടെ സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാവുക. | ഗ്രൂപ്പ് പ്രവർത്തനം<br>• സ്കൂൾ ചുമരുകൾ,മതിലുകൾ എന്നിവിടങ്ങളിൽ നല്ല സന്ദേശങ്ങൾ നൽകുന്ന ചുമർ ചിത്രങ്ങൾ (ഗ്രാഫിറ്റി )തയ്യാറാക്കുന്നു | | | |

| | | | | | |
|---|---|---|---|---|---|
| | | • പ്ലാസ്റ്റിക് വിപത്തിനെതിരെ ഇൻസ്റ്റലേഷൻ തയ്യാറാക്കി ബോധവൽക്കരണത്തിൽ പങ്കാളികളാക്കുന്നു.<br>• പഴയകാലത്തെ നാട്ടു കലാകാരന്മാരെ ആദരിക്കുന്നു. അവരുടെ അനുഭവങ്ങൾ കേൾക്കുന്നു | | | |
| 4 | സംഗീതം,ചിത്രകല, നൃത്തം നാടകം, സിനിമ...ഇവയെ അടുത്തറിയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക. | • **സ്കൂളിലെ പൂന്തോട്ടത്തിന്റെ സൗന്ദര്യവൽക്കരണത്തിൽ പങ്കാളികളാക്കുന്നു.ശില്പങ്ങൾ,ഇരിപ്പിടങ്ങൾ etc..**<br>• **സ്കൂൾ ചുമരുകളിൽ കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന വചനങ്ങൾ എഴുതുന്നു.**<br>• **പ്രാദേശിക വിദഗ്ധരുടെയും** | | | |

| | | | | | |
|---|---|---|---|---|---|
| | | കലാകാരന്മാരുടെയും രക്ഷിതാക്കളുടെയും സേവനം ഉപയോഗപ്പെടുത്തുന്നു. | | | |
| 5 | സമീപപ്രദേശങ്ങളിലെ മികച്ച കലാകാരന്മാരെ ആദരിക്കുക അവരുടെ സേവനം പ്രയോജനപ്പെടുത്തുക. | • ടാലന്റ് ലാബ് പ്രവർത്തനത്തിലൂടെ മികച്ച പരിശീലനം നൽകുന്നു.ആത്മവിശ്വാസം നൽകുന്നു.<br>• ചിത്രകല ക്യാമ്പ് സംഘടിപ്പിക്കുന്നു .എല്ലാ കുട്ടികൾക്കും കാണുവാനും പങ്കെടുക്കുവാനും ഉള്ള അവസരം സൃഷ്ടിക്കുന്നു. | | | |
| 6 | കലാപ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് നല്ലതും മികച്ചതുമായ സന്ദേശങ്ങൾ നൽകുക സഹജീവി സ്നേഹവും സഹിഷ്ണുത ആർദ്രത എന്നീ മനോഭാവങ്ങൾ വളർത്തുക. | | | | |
| 7 | ടാലന്റ് ലാബ് എന്ന ആശയത്തിലൂടെ മികച്ച കുട്ടികളെ | | | | |

| | | | | | |
|---|---|---|---|---|---|
| | കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | | | | |
| 8 | **ആശയങ്ങൾ അറിവുകൾ അനുഭവങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.** | | | | |

## Work Education

| | ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കരുതി വെക്കാം തെളിവുകൾ<br><br>ഡോക്യുമെന്റഷൻ നടത്തി സൂക്ഷിച്ചു വെക്കാനുള്ള കഴിവ് നേടുക | *ക്ലബ്ബിന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഫോട്ടോ, വീഡിയോ എടുത്ത് ഡോക്യുമെന്റഷൻ നടത്തുന്നു | ജൂൺ -ഫെബ്രുവരി | ക്ലബ് അംഗങ്ങൾക് | ആവശ്യമായ ഫണ്ട് ഓരോ വർഷവും വകവരുത്തേണ്ടതു ണ്ട് |
| 2 | കുടനിർമിക്കാം തണലേകാം | *ശില്പശാല സംഘടിപ്പിച്ചു കുടനിർമ്മിക്കാൻ പഠിപ്പിക്കുന്നു, അത് വഴി വരുമാനമുണ്ടാകാനും പ്രാപ്തരാകുന്നു | ജൂലൈ-ഓഗസ്റ്റ് | | |
| 3 | പൂന്തോട്ടം നിർമിക്കാം, അലങ്കരിക്കാം<br><br>സ്കൂളും വീടും അലങ്കരിക്കാൻ ഉള്ള മനോഭാവം കുട്ടികളിൽ ഉണ്ടാവുന്നു | *പ്രോട്രേകളിൽ വിത്തുകൾ പാകി പൂക്കൾ കൃഷിചെയ്യാൻ കുട്ടികളെ പ്രാപ്തരാകുന്നു<br><br>* ICT യുടെ സഹായത്തോടെ പുഷ്പാലങ്കാര രീതികൾ പരിചയപ്പെടുത്തികൊടു ക്കുന്നു<br><br>*ബോക്കെ നിർമിക്കാൻ പഠിപ്പിക്കുന്നു | ജൂൺ -സെപ്റ്റംബർ | | |

| | | | | | |
|---|---|---|---|---|---|
| 4 | പുസ്തക നിർമാണത്തിന്റെ വിവിധ വശങ്ങളെ പരിചയപ്പെടുത്തുന്നു | *സ്കൂൾ ലൈബ്രെറി പുസ്തകങ്ങളുടെ കെടുപാടുകൾ തീർത്ത് ബൈൻഡ് ചെയ്തു കൊടുക്കുന്നു<br>*പഴയ പുസ്തകങ്ങളുടെ പേജുകൾ എടുത്ത് recycle ചെയ്ത് പുതിയ പുസ്തകമാക്കാൻ പഠിപ്പിക്കുന്നു | ഓഗസ്റ്- സെപ്റ്റംബർ | | |
| 5 | എല്ലാ വിഭാഗം കുട്ടികളെയും ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗ സമത്വം തുല്യനീതി എന്നിവ ഉറപ്പു വരുത്തുന്നു | *കുട്ടികൾ  അവരുടെ കഴിവുകളും പരിമിതികളും പ്രയാസങ്ങളും സ്വയം തിരിച്ചറിയാനും പരിഹരിക്കാനും ഉള്ള ശേഷി പഠന പ്രവർത്തനങ്ങളിലൂടെ ICT സഹായത്തോടെ കുട്ടികളിലേക് എത്തിക്കുന്നു | ജൂൺ-മാർച്ച് | | |
| 6 | വസ്ത്രലങ്കാരം | *വസ്ത്രങ്ങളിൽ അലങ്കാര തയ്യൽ ചെയ്യാൻ പഠിപ്പിക്കുന്നു | ഒക്ടോബർ-ജനുവരി | | |

| | | | | | |
|---|---|---|---|---|---|
| | വസ്ത്രങ്ങളിൽ വ്യത്യസ്തതരം അലങ്കാരങ്ങളെ കുറിച്ച് കുട്ടികൾ അറിവ് നേടുന്നു | *ഓരോ വീട്ടിലേക്കും ആവശ്യമായ തുണി സഞ്ചി നിർമിക്കാൻ പഠിപ്പിക്കുന്നു<br>*പൗച്ച് നിർമിക്കാൻ പഠിപ്പിക്കുന്നു | | | |
| 7 | കുട്ടികളുടെ കഴിവുകളെ പ്രദർശിപ്പിക്കുന്നു അവരെ അനുമോദിക്കുന്നു | *സ്കൂളിൽ പ്രവർത്തി പരിചയമേളയുമായി ബന്ധപ്പെട്ട് ഇനങ്ങളിൽ കുട്ടികളെ മത്സരിപ്പിച്,എല്ലാ കുട്ടികളേം ഉൾപെടുത്തി പ്രദർശനം നടത്തുന്നു<br>*കുട്ടികളെ അടുത്ത തലത്തിലേക് മത്സരിപ്പിക്കാൻ പ്രാപ്തരാകുന്നു | ജൂലൈ-നവംബർ | | |

## ആമുഖം

പന്തല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ കായികമേഖലയിൽ 10 കായിക ഇനങ്ങളിലായി കുട്ടികൾ മത്സരിക്കുന്നു. 65 കുട്ടികൾക്ക് കഴിഞ്ഞവർഷം ഗ്രേസ് മാർക്ക് ലഭിച്ചു. അതുപോലെ ഉന്നത പഠനത്തിൽ കുട്ടികൾക്ക് സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ചു. ഇത്തരം പ്രവർത്തനം കൊണ്ട് കുട്ടികളുടെ ആരോഗ്യ കായിക ക്ഷമത വർധിപ്പിക്കാനും ഊർജ്ജസ്വലരായ തലമുറയെ വാർത്തെടുക്കാൻ സാധിക്കുന്നു.

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2024-25

| മേഖല | ഉദ്ദേശം | ഉപമേഖല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസം | കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കൽ. അനുയോജ്യമായ കായികയിനങ്ങളുടെ നൈപുണികൾ സ്വായത്തമാക്കുക. | 11 കായികമേഖല<br>21 ആരോഗ്യമേഖല | കായിക ക്ഷമത കൈവരിക്കൽ ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ<br><br>**<u>കായികയിനങ്ങൾ</u>**<br>യോഗ, സൈക്ലിംഗ്, റസലിംഗ്, ഫുട്ബോൾ, സെപക് താക്രോ, അത്‌ലറ്റിക്സ്, നീന്തൽ, ജൂഡോ, എയറോബിക്സ് ഡാൻസ്, സൈക്കിൾ പോളോ | *<u>യോഗ പരിശീലനം</u>*<br>എട്ടാം ക്ലാസിലെ കുട്ടികൾക്ക് ഒരു വർഷം യോഗ പരിശീലനം, യോഗ പരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടറെ 10 ദിവസത്തിനായി കൊണ്ടുവരുന്നു.<br><br>യോഗ മാറ്റ് (390 x 10) = 3,900<br>പരിശീലകന്റെ വേദനം<br>10 ദിവസത്തേക്ക് (500 x 10) = 5,000<br>ആകെ = <u>8,900</u> |

| | | | | |
|---|---|---|---|---|
| | | | | *അത്‌ലറ്റിക്സ് പരിശീലനം*<br>15 ആൺകുട്ടികൾക്കും 15 പെൺകുട്ടികൾക്കും ഉള്ള 7 മാസത്തെ ട്രെയിനിങ് പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി പുറത്തുനിന്നുള്ള വിദഗ്ധ പരിശീലകനെ ആവശ്യമാണ് അതോടൊപ്പം തിരഞ്ഞെടുത്ത കുട്ടികൾക്കുള്ള ഭക്ഷണം നൽകുകയും വേണം.<br>ട്രെയിനിങ് ദിവസം = 140<br>ദിവസവേദനം = 700<br>പരിശീലകന്റെ വേദനം<br>(140x700) = 98,000<br>കുട്ടികളുടെ ഭക്ഷണം/ഡേ<br>(600x140) = 84000<br>**ആകെ = <u>1,82,000</u>** |
| | | | | *എയറോബിക്സ്*<br>എട്ടാം ക്ലാസ്സിലെ 40 കുട്ടികൾ വീതം തിരഞ്ഞെടുത്തു പത്ത് ദിവസത്തെ ട്രെയിനിങ് നൽകുക. ഇതിനായി എയറോബിക്സ് പരി |

| | | | | |
|---|---|---|---|---|
| | | | | ശീലകനെ ആവശ്യമാണ്.<br>പരിശീലകന്റെ വേദനം (1000 x 10) = **<u>10,000</u>** |
| | | | | *<u>മേജർ ഗെയിം ഉപകരണങ്ങൾ</u>*<br>ഫുട്ബോൾ -- 1000 x 10 = 10,000<br>വോളിബോൾ -- 780 x 4 = 3,120<br>വോളിബോൾ നെറ്റ് -- 1,250 x 1 = 1,250<br>മിനി ഗോൾപോസ്റ്റ് -- 1,200 x 2 = 2,400<br>ഷട്ടിൽ ബാറ്റ് -- 620 x 8 = 4960<br>ഷട്ടിൽ ബാഡ്മിന്റൺ നെറ്റ്<br>-- 490 x 2 = 980<br>ഷട്ടിൽ കോക്ക് -- 680 x 4 = 2,720<br>ഷട്ടിൽ ബാഡ്മിന്റൺ പോസ്റ്റ്<br>-- 750 x 2 = 1,500<br>ഖോ ഖോ പോസ്റ്റ് -- 2,500 x 2 = 5,000<br>ഹഡിൽസ് -- 3,000 x 5 =15,000<br>**ആകെ** = **<u>46,930</u>** |

## സാമ്പത്തിക അവലോകനം

| ഇനങ്ങൾ | | തുക |
|---|---|---|
| യോഗ | – | 8,900 |
| അത്ലറ്റിക്സ് | – | 1,82,000 |
| ഏറോബിക്സ് | – | 10,000 |
| മേജർ ഗെയിം | – | 46,930 |
| **ആകെ** | – | **2,47,830** |

## മോണിറ്ററിംങ്

കൺവീനർ :– രഘുനാഥ് (ഹെഡ്മാസ്റ്റർ)

ജോയിന്റ് കൺവീനർ :– സുധീർ വി. പി. (P.E.T)

അംഗങ്ങൾ :–